## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5210** **27.06.2019 - ൽ മറുപടിക്ക്.**

## മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കൊടുങ്ങല്ലൂർ താലൂക്കിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത നിരവധി പേർക്ക് റേഷൻ കാർഡ് ലഭിച്ചിരിക്കുന്നത് പൊതുവിഭാഗത്തിലാണെന്നതുമൂലം ആവശ്യത്തിന് റേഷൻ സാധനങ്ങളും ചികിത്സ സൗജന്യങ്ങളും ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** ഇത്തരം ആളുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(ബി)** മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ വേണ്ടി താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ 18.09.2017 ലെ സ.ഉ(സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം പരിശോധിച്ച് അർഹതയുള്ള പക്ഷം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി നിലവിൽ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള പട്ടികയിൽ ക്രമമനുസരിച്ച് ഉൾപ്പെടുത്തുന്നതും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിൽ ക്രമമനുസരിച്ച് അർഹരെ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്. |

**(സി)** കയ്പമംഗലം നിയോജകമണ്ഡലത്തിലെ അനർഹരായ വ്യക്തികളെ മുൻഗണന വിഭാഗത്തിൽ നിന്നും മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

**(സി)** മോട്ടോർ വെഹിക്കിൾ വകുപ്പിൽ നിന്നും നാലു ചക്രവാഹനങ്ങളുടെ വിവരങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 1000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുള്ളവരുടെ വിവരങ്ങളും ലഭ്യമാക്കി ഡേറ്റാ മാപ്പിംഗ് നടത്തിയും കഴിഞ്ഞ 3 മാസമായി റേഷൻ വാങ്ങാത്തവരുടെ കാർഡുകളിൽ ഫീൽഡ് തല പരിശോധനകൾ നടത്തിയും അനർഹരെ കണ്ടെത്തി വരുന്നു. ഇങ്ങനെ കണ്ടെത്തുന്ന അനർഹരെ പൊതു വിഭാഗത്തിലേക്ക് മാറ്റുന്ന നടപടികൾ തുടർന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**